# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** | **10-06-2024 - ൽ മറുപടിയ്ക്ക്**

### ജയിൽ വകുപ്പിലെ ബൈ ട്രാൻസ്ഫർ തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ജയിൽ വകുപ്പിൽ വെൽഫെയർ ഓഫീസർ ഗ്രേഡ് -II തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ മുഖേന നിയമനം ലഭിക്കാൻ അസിസ്റ്റന്റ് ജയിലർ ഗ്രേഡ് -I തസ്തികയിൽ നിന്നല്ലാതെ പ്രസ്തുത തസ്തികയ്ക്ക് യോഗ്യരായിട്ടുള്ള ജയിൽ വകുപ്പിലെ യൂണിഫോം ജീവനക്കാരായ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് - II , ഗേറ്റ് കീപ്പർ പ്രിസൺ ഓഫീസർ തുടങ്ങിയ തസ്തികയിൽ ജോലി ചെയ്യുന്നവരെ പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | ജയിൽ വകുപ്പിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-I, വനിത അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-I, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-II, വനിത അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-II, പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, വനിത ഡെപ്യൂട്ടി പ്രിസൺ ഓഫീസർ എന്നീ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ യോഗ്യത പരിഗണിച്ച് വെൽഫയർ ഓഫീസർ ഗ്രേഡ്-II തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിന് പരിഗണിക്കുന്നതിനായി സ്പെഷ്യൽ റൂളിൽ ഭേദഗതി ആവശ്യമാണ്. ഇതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ